പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1489 | 13.07.2016 ൽ മറുപടിയ്ക്ക് |
|---|---|
| **സൈക്കോ സോഷ്യൽ സ്കൂൾ കൗൺസലർമാരുടെ വേതനം** | |
| ചോദ്യം | ഉത്തരം |
| **ശ്രീ. റ്റി.വി.രാജേഷ്** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യ കുടുംബക്ഷേമ സാമൂഹ്യനീതി വകുപ്പ് മന്ത്രി)** |
| (എ) സാമൂഹ്യനീതി വകുപ്പിനുകീഴിൽ സർക്കാർ സ്കൂളുകളിൽ എത്ര സൈക്കോ സോഷ്യൽ സ്കൂൾ കൗൺസലർമാരുണ്ട്; ഇവരുടെ പ്രതിമാസ ശമ്പളം എത്രയാണ്; | (എ) 666 സ്കൂൾ കൗൺസിലർമാരാണ് ഉള്ളത്. ഇവരുടെ പ്രതിമാസ ഹോണറേറിയം 12500/- രൂപയാണ്. |
| (ബി) ഇവർക്ക് ഐ.ഇ.ഡി ടീച്ചർമാർക്ക് തുല്യമായ വേതനം നൽകണമെന്ന് സർക്കാർ നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) ഇല്ല |
| (സി) എം.എസ്.ഡബ്ല്യു/എം.എ. സൈക്കോളജി എന്നീ പി.ജി. യോഗ്യതനേടിയ വനിതാ സൈക്കോ സോഷ്യൽ സ്കൂൾ കൗൺസലർമാരുടെ വേതനം ഐ.ഇ.ഡി. ടീച്ചർമാർക്ക് തുല്യമാക്കുന്നതിനും കൂടുതൽ സ്കൂളുകളിലേക്ക് വ്യാപിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ; | (സി) പദ്ധതിയുടെ പുതുക്കിയ ധാരണാപത്രത്തിൽ സ്കൂൾ കൗൺസലേഴ്സിന്റെ ഹോണറേറിയം IED സ്കൂളുകളിലെ കൗൺസിലേഴ്സിന്റെ ഹോണറേറിയത്തിന് തുല്യമാക്കുന്നതിനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. സ്കൂൾ കൗൺസലേഴ്സിന്റെ ഹോണറേറിയം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ഡി) സൈക്കോ സോഷ്യൽ സ്കൂൾ കൗൺസലർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്? | (ഡി) സൈക്കോ സോഷ്യൽ സ്കൂൾ കൗൺസലർമാരുടെ 141 ഒഴിവുകളാണ് നിലവിലുള്ളത്. |

സെക്ഷൻ ഓഫീസർ